കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം തസ്തികകൾ

58 (4669) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എച്ച്.എസ്.എ. മലയാളം എത്ര തസ്തികകളാണ് നിലവിലുള്ളത്, ഇതിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജില്ലയിൽ സ്റ്റാഫ് ഫിക്സേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ എന്ന് പൂർത്തീകരിക്കും ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ എക്സസ് ആയ അദ്ധ്യാപകരുടെ ലിസ്റ്റ് എടുത്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നിലവിൽ ജില്ലയിലെ ഈ തസ്തികയിൽ ആരെങ്കിലും ദിവസവേതന അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജോലി നോക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഇ) ഈ ജില്ലയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; ഈ ലിസ്റ്റിൽ നിന്നും എച്ച്.എസ്.എ (മലയാളം) നാളിതുവരെയായി എത്രപേരെയാണ് നിയമിച്ചിരിക്കുന്നത് ;

(എഫ്) പി.എസ്.സി ലിസ്റ്റ് നിലവിലുള്ളപ്പോൾ, കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(ജി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 1x45 അനുപാതത്തിൽ എച്ച്.എസ്.എ. മലയാളത്തിന് 228 തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ 236 പേർ ജോലി ചെയ്യുന്നുണ്ട്. നിലവിൽ 8 പേർ അനുവദനീയമായതിലും കൂടുതലാണ്. ആയതിനാൽ ഇപ്പോൾ ഒഴിവുകളൊന്നുംതന്നെ നിലവിലില്ല.

(ബി) പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 1x45 അനുപാതത്തിൽ അനുവദനീയമായതിലും കൂടുതലായി 8 പേർ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. നിത എ, ജി.എച്ച്.എസ്.എസ്, പാലയാട്.
2. മോഹനൻ ജി, ജി.എച്ച്.എസ്.എസ്, കോട്ടയം, മലബാർ.
3. രവീന്ദ്രൻ തെക്കുമ്പാടൻ, ജി.എച്ച്.എസ്.എസ്, വെള്ളൂർ.
4. രാധാമണി വി. വി, ജി.എച്ച്.എസ്.എസ്, ശ്രീകണ്ഠാപുരം.
5. എസ്. പി. മധുസൂദനൻ, ജി.എച്ച്.എസ്.എസ്, കണ്ണൂർ സിറ്റി.
6. ജ്യോതിലക്ഷ്മി വി. പി, ജി.എച്ച്.എസ്.എസ്, പള്ളിക്കുന്ന്.
7. ഭാർഗ്ഗവി സി. കെ, പി.ജി.എം. ജി.എച്ച്.എസ്.എസ്, ചെറുവാഞ്ചേരി.
8. റിത പി., പി.ജി.എം. ജി.എച്ച്.എസ്.എസ്, ചെറുവാഞ്ചേരി

മുകളിൽ കാണിച്ച ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള അദ്ധ്യാപകരെ 1x35 അനുപാതത്തിൽ അതാത് സ്കൂളുകളിൽതന്നെ നിലനിർത്തിയിട്ടുണ്ട്. ക്രമ നമ്പർ 7, 8 എന്നിവയിലെ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർ പഞ്ചായത്ത് ഹൈസ്കൂളുകളിൽ നിന്നുള്ളവരായതിനാൽ അവരെ പ്രസ്തുത സ്കൂളുകളിൽ തന്നെ നിലനിർത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നിലവിലുണ്ട്. 1-12-2011 മുതൽ നാളിതുവരെ 23 പേർക്ക് നിയമനം നൽകി.

(എഫ്) കരാർ അടിസ്ഥാനത്തിൽ ആരുംതന്നെ ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ ജോലി ചെയ്യുന്നില്ല.

(ജി) എച്ച്.എസ്.എ. മലയാളം തസ്തികയിൽ കണ്ണൂർ ജില്ലയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഒഴിവുകൾ നിലവിലില്ല.

കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം നിയമനം

59 (4670) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് നാല് വർഷം കഴിഞ്ഞതിനു ശേഷവും 246 പേരുള്ള ഈ ലിസ്റ്റിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly